ഉത്തരം

(എ) 96 സ്ഥിരം ജീവനക്കാരുണ്ട്. മറ്റു ജീവനക്കാരുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) നിലവിൽ യൂണിവേഴ്സിറ്റികളിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരും തന്നെ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ജോലി ചെയ്യുന്നില്ല.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 14-5-2010 തീയതിയിലെ ജി.ഒ. (എംഎസ്.) 72/2010/പൊ.വി.വ. ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റികളിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ വകുപ്പിൽ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവായെങ്കിലും, അതിന്റെ നടപടിക്രമങ്ങൾ ചില കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിന്റെ തുടർച്ചയായാണ് 27-4-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 96/15/പൊ.വി.വ. ഉത്തരവ് പ്രകാരം വകുപ്പിൽ തുടരാൻ താൽപ്പര്യമുള്ള യൂണിവേഴ്സിറ്റി ജീവനക്കാരെ അബ്സോർബ് ചെയ്യുന്നതിനും അല്ലാത്തവരെ 31-5-2015 തീയതി പ്രാബല്യത്തിൽ വിടുതൽ ചെയ്യുന്നതിനും ഉത്തരവായിട്ടുള്ളത്. ഡെപ്യൂട്ടേഷനിൽ തുടർന്നിരുന്നവർമൂലം ഹയർസെക്കണ്ടറി ഡയറക്ടറേറ്റിന് കഴിഞ്ഞ 5 വർഷം ശമ്പളയിനത്തിലുണ്ടായ അധികച്ചെലവ് സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. 27-4-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 96/15/പൊ.വി.വ. ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റികളിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റിൽ മിനിസ്റ്റീരിയൽ തസ്തികകളിൽ ജോലി നോക്കി വന്നിരുന്ന ജീവനക്കാരെ 31-5-2015 തീയതി പ്രാബല്യത്തിൽ ജീവനക്കാരുടെ ഓപ്ഷൻ സ്വീകരിച്ച് വകുപ്പിൽ റഗുലറൈസ് ചെയ്തിട്ടുള്ളതും അല്ലാത്തവരെ പ്രസ്തുത തീയതി പ്രാബല്യത്തിൽ വകുപ്പിൽനിന്നും വിടുതൽ ചെയ്തിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ എത്രയുംവേഗം കൈക്കൊള്ളുന്നതാണ്.

എച്ച്.എസ്.എ.-യിൽ നിന്ന് എച്ച്.എസ്.എസ്.റ്റി. (കൊമേഴ്സ്) ആയി പ്രൊമോഷൻ

50 (3775) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ.-യിൽ നിന്ന് എത്ര പേർക്ക് എച്ച്.എസ്.എസ്.റ്റി. (കൊമേഴ്സ്) ആയി പ്രൊമോഷന് അർഹതയുണ്ട് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ എത്ര ഒഴിവുകൾ ആയതിനായി മാറ്റിവച്ചിട്ടുണ്ട് ;

(സി) അവരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുമോ ?

ഉത്തരം

(എ) എച്ച്.എസ്.എ.-യിൽനിന്നും 12 പേർക്ക് എച്ച്.എസ്.എസ്.റ്റി. (കൊമേഴ്സ്) ആയി തസ്തികമാറ്റ നിയമനത്തിന് അർഹതയുണ്ടായിരുന്നു.

(ബി) എച്ച്.എസ്.എ., യു.പി.എസ്.എ./എൽ.പി.എസ്.എ. വിഭാഗങ്ങൾക്കായി 24 ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ടായിരുന്നു.

(സി) തസ്തികമാറ്റ നിയമനത്തിന് യോഗ്യരായ ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ അഭാവത്തിൽ മാത്രമാണ് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നേരിട്ടുള്ള നിയമനം നടത്തുന്നത്. തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഉണ്ടായിരുന്ന സാഹചര്യത്തിൽ ശേഷിക്കുന്ന ഒഴിവുകളിലേക്ക് അവരെത്തന്നെയാണ് പരിഗണിച്ചിരുന്നത്.

എച്ച്.എസ്.എസ്.റ്റി. സീനിയർ പോസ്റ്റിലേക്കുള്ള നിയമനം

51 (3776) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി. സീനിയർ റാങ്ക് ലിസ്റ്റിൽ ഒഴിവില്ലാതെ വരുമ്പോൾ ജൂനിയർ പോസ്റ്റിൽ നിയമിച്ച കഴിഞ്ഞാലും റാങ്ക് ലിസ്റ്റ് കാലാവധി തീരുന്നതിനുമുമ്പെ സീനിയറിൽ ഒഴിവ് വരുകയാണെങ്കിൽ പ്രസ്തുത ജൂനിയർ പോസ്റ്റിൽ ജോയിന്റ് ചെയ്ത ഉദ്യോഗാർത്ഥിക്ക് സീനിയറിലേക്ക് മാറുന്നതിന് തടസ്സമുണ്ടോ ; ഇത് സംബന്ധിച്ചുള്ള അവ്യക്തത മാറ്റാമോ ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് സീനിയർ പോസ്റ്റിലേക്ക് അവസരം ഒരുക്കുന്നതിന് നീതിപൂർവ്വമായ നടപടി വിദ്യാഭ്യാസ വകുപ്പ് കൈക്കൊള്ളുമോ ; ഇത് സംബന്ധിച്ച് വ്യക്തമായ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) തടസ്സമില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly